# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 ജനുവരി 28

# വാർത്താക്കുറിപ്പ്

## രാജ്യാന്തര അക്കാദമിക സഹകരണത്തിനൊരുങ്ങി എം.ജി.യും മലേഷ്യ ലിങ്കൺ സർവകലാശാലയും

**- ഗവേഷണ-അക്കാദമിക-കായിക മേഖലയിൽ സംയുക്ത പദ്ധതികൾ**

ഗവേഷണ-അക്കാദമിക-കായിക മേഖലയിൽ സഹകരണത്തിനൊരുങ്ങി മഹാത്മാ ഗാന്ധി സർവകലാശാലയും മലേഷ്യയിലെ ലിങ്കൺ സർവകലാശാല കോളേജും. ഇരു സ്ഥാപനങ്ങളും തമ്മിലുള്ള രാജ്യാന്തര അക്കാദമിക സഹകരണത്തിന് ധാരണാപത്രം ഒപ്പിട്ടു. സംയുക്ത പിഎച്ച്.ഡി.-പോസ്റ്റ് ഡോക്ടറൽ പ്രോഗ്രാമുകളും അധ്യാപക, വിദ്യാർഥി കൈമാറ്റ പരിപാടിയും ഇതിന്റെ ഭാഗമായി നടക്കും.

ഹ്രസ്വകാല നൈപുണ്യ/കരിയർ സർട്ടിഫിക്കറ്റ് - ഡിപ്ലോമ പ്രോഗ്രാമുകൾ ആരംഭിക്കും. സംയുക്ത ഗവേഷണ പദ്ധതികളും പഠനങ്ങളും പ്രസിദ്ധീകരണങ്ങളും സാധ്യമാകും. സംയുക്ത സമ്മേളനങ്ങൾ, സെമിനാറുകൾ, ശില്പശാലകൾ എന്നിവ ഇതിന്റെ ഭാഗമായി സംഘടിപ്പിക്കും. രാജ്യാന്തര അക്രഡിറ്റേഷനുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ സഹകരിക്കും. സംയുക്ത സാംസ്കാരിക-കായിക പരിപാടികൾ സംഘടിപ്പിക്കാനും ധാരണയായി. സർവകലാശാല മിനി കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ ലിങ്കൺ സർവകലാശാല കോളേജ് വൈസ് ചാൻസലർ ഡോ. അമിയ ഭൗമികും എം.ജി. സർവകലാശാല രജിസ്ട്രാർ പ്രൊഫ. കെ. സാബുക്കുട്ടനും ധാരണാപത്രത്തിൽ ഒപ്പിട്ടു.

അക്കാദമിക ഗവേഷണരംഗത്ത് രാജ്യാന്തര നേട്ടങ്ങൾ കൈവരിക്കാൻ പരസ്പര സഹകരണം വഴിതെളിക്കുമെന്ന് അധ്യക്ഷത വഹിച്ച വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. പി.കെ. ഹരികുമാർ, ഡോ. ആർ. പ്രഗാഷ്, ഡോ. എ. ജോസ്, ലിങ്കൺ സർവകലാശാല കോളേജ് അക്കാദമിക് കോ-ഓർഡിനേറ്റർ ഡോ. ജ്യോതിസ് കുമാർ, മുൻ രജിസ്ട്രാർ ഡോ. ജോസ് ജെയിംസ് എന്നിവർ പങ്കെടുത്തു.

## ഫോട്ടോ ക്യാപ്ഷൻ

**അക്കാദമിക-ഗവേഷണ സഹകരണത്തിനുള്ള ധാരണാപത്രം ലിങ്കൺ സർവകലാശാല കോളേജ് വൈസ് ചാൻസലർ ഡോ. അമിയ ഭൗമികിന് മഹാത്മാ ഗാന്ധി സർവകലാശാല രജിസ്ട്രാർ പ്രൊഫ. കെ. സാബുക്കുട്ടൻ കൈമാറുന്നു. സിൻഡിക്കേറ്റംഗങ്ങളായ ഡോ. എ. ജോസ്, ഡോ. ആർ. പ്രഗാഷ്, അഡ്വ. പി.കെ. ഹരികുമാർ, മഹാത്മാ ഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, ലിങ്കൺ സർവകലാശാല കോളേജ് അക്കാദമിക് കോ-ഓർഡിനേറ്റർ ഡോ. ജ്യോതിസ് കുമാർ, മുൻ രജിസ്ട്രാർ ഡോ. ജോസ് ജെയിംസ് എന്നിവർ സമീപം**

(പി.ആർ.ഒ/39/134/2020)

## ബി.എ./ബി.കോം. (പ്രൈവറ്റ്) പരീക്ഷാകേന്ദ്രം

ജനുവരി 31 മുതൽ നടക്കുന്ന ഒന്നും രണ്ടും സെമസ്റ്റർ ബി.എ./ബി.കോം. പ്രൈവറ്റ് രജിസ്ട്രേഷൻ സി.ബി.സി.എസ്. (2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ സപ്ലിമെന്ററി), സി.ബി.സി.എസ്.എസ്. (2017ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി/2012 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷകളുടെ പരീക്ഷാകേന്ദ്രങ്ങളുടെ വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

## പ്രാക്ടിക്കൽ

2019 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.എസ്‌സി. സൈബർ ഫോറൻസിക് (സി.ബി.സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ ജനുവരി 31 മുതൽ അതത് കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ/39/136/2020)

2019 നവംബറിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.എ. മ്യൂസിക് വയലിൻ (സി.ബി.സി.എസ്. - 2019 അഡ്മിഷൻ റഗുലർ/2017, 2018 അഡ്മിഷൻ റീഅപ്പിയറൻസ് - കോർ/കോംപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി നാല്, അഞ്ച്, ആറ് തീയതികളിൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ/39/137/2020)

## പരീക്ഷഫലം

2019 സെപ്തംബറിൽ സ്‌കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്‌സി. ഡിസെബിലിറ്റി സ്റ്റഡീസ് ആന്റ് റിഹാബിലിറ്റേഷൻ സയൻസസ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/138/2020)

2019 സെപ്തംബറിൽ നടന്ന ഒൻപതാം സെമസ്റ്റർ ബി.എ. എൽ.എൽ.ബി. (പഞ്ചവത്സരം) ഇന്റഗ്രേറ്റഡ് (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 11 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/139/2020)

## എം.ഫിൽ പ്രവേശനം; ജനുവരി 30ന് ഹാജരാകണം

മഹാത്മാ ഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് മാനേജ്‌മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിലെ എം.ഫിൽ പ്രവേശനത്തിന് അപേക്ഷിച്ചവർ ജനുവരി 30ന് രാവിലെ ഒൻപതിന് അസൽ രേഖകളുമായി പഠനവകുപ്പിൽ എത്തണം. വിശദവിവരത്തിന് ഫോൺ: 0481-2732288.

(പി.ആർ.ഒ/39/140/2020)

## പോസ്റ്റ് ഗ്രാജ്വേറ്റ് ട്രെയിനിംഗ് ഇൻ കൗൺസിലിംഗ്; രജിസ്‌ട്രേഷൻ ജനുവരി 30 മുതൽ

മഹാത്മാ ഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ പ്രവർത്തിക്കുന്ന ഐ.ആർ.എൽ.ഡി.യുടെ ആഭിമുഖ്യത്തിൽ ഫെബ്രുവരിയിൽ ആരംഭിക്കുന്ന പോസ്റ്റ് ഗ്രാജ്വേറ്റ് ട്രെയിനിംഗ് ഇൻ കൗൺസിലിംഗ് പ്രോഗ്രാമിന് ജനുവരി 30 മുതൽ രജിസ്റ്റർ ചെയ്യാം. ഏതെങ്കിലും വിഷയത്തിലുള്ള അംഗീകൃത ബിരുദമാണ് യോഗ്യത. ശനിയാഴ്ചകളിലും അനുയോജ്യമായ മറ്റു അവധി ദിവസങ്ങളിലുമാണ് പരിശീലനം നടക്കുക. ഒരു വർഷം ദൈർഘ്യമുള്ള പ്രോഗ്രാമിന്റെ ക്ലാസുകൾ സർവകലാശാല കാമ്പസിൽ നടക്കും. താല്പര്യമുള്ളവർ അസൽ രേഖകളുമായി ജനുവരി 30 മുതൽ ഐ.ആർ.എൽ.ഡി.യിൽ (സ്‌കൂൾ ഓഫ് ബിഹേവിയറൽ സയൻസസ്) നേരിട്ട് രജിസ്റ്റർ ചെയ്യണം. വിശദവിവരത്തിന് ഫോൺ: 9946226638.

(പി.ആർ.ഒ/39/141/2020)

## MGU signs MoU with Malaysian Lincoln University College

KOTTAYAM: Mahatma Gandhi University has signed a Memorandum of Understanding with Lincoln University College, Malaysia for academic cooperation.

The MoU would facilitate institutional exchanges between students and faculty from each partner institution. This would help in academic exchange of Ph.D. and Post –doctoral students of each institution for research, Course sharing and Credit Transfer for selected Courses and Programmes, Starting of short term Skill/Career Certificate and Diploma Programmes, Join projects, Assignments and Collaborative Studies, Joint Publications, Articles, Journals and books, Joint Patents and Research Projects, Joint Conferences, Seminars, Workshops, supportive activities for International Accreditations, Cultural and Sports Exchange and organizing Joint Programmes/events.

MGU Vice-chancellor Prof. (Dr.) Sabu Thomas and Lincoln University College vice-chancellor Dr. Amiya Bhaumik, MGU Pro-Vice-Chancellor Prof. (Dr.) Aravindakumar, Registrar Prof. (Dr.) Sabukuttan, Members of Syndicate Adv. P.K. Harikumar, Dr. R. Pragash, Dr. A. Jose, Lincoln University College Academic Co-ordinator Dr. Jyothis Kumar, Former Registrar Dr. Jose James were Present.

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ